(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 4/ 2103/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

തീയതി 9.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കല്ലിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലിയൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.റ്റി.വി.എം ജി.പി.4/2103/2016

തീയതി 8.12.2016

## തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016മുതൽ 25/11/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത് . ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:ശ്രീ.ജമാലുദ്ദീൻ. എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26/11/2016 മുതൽ 01/12/2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ജയകുമാരി .കെ.ആർ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി.ജയലക്ഷ്മി. ആർ. | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.കോസലരാമദാസ്. കെ. | സീ.ഗ്രേ.ഓഡിറ്റർ |
| 4 | ശ്രീ.ഷെർലോക് ഡാനി.ഡി.എൻ. | സീ.ഗ്രേ.ഓഡിറ്റർ |
| 5 | ശ്രീമതി.സുനിതബാബു.ബി.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് - അഡ്വ.എസ്.ഉദയകുമാർ (01.04.2015 മുതൽ 18/11/2015 വരെ)

ശ്രീമതി.ജയലക്ഷ്മി.ആർ (19-11-2015 മുതൽ 31.03.2016 വരെ)

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ജി.കെ.സതീഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ബിജുകുമാർ.ആർ.റ്റി | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (സർക്കിൾ 1) | ശ്രീ.ബിനോയ് ഭുവൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (സർക്കിൾ 2) | ശ്രീമതി.ആശ.എസ്.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.സോഫിയ.എൽ | 01.04.2015 മുതൽ 09.03.2016 വരെ |
| | ഡോ.വി.ജി.ശാന്തി | 09.03.2016മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.അനിതകുമാരി.എൽ | 01.04.2015 മുതൽ 16/12/2015 വരെ |
| | ശ്രീമതി.ജയശ്രീ.എ | 18/12/2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.സുമിത.എം.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സിദ്ധി.ജി.പി | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ (എം.എൻ.എൽ.പി.എസ്, വെള്ളായണി) | ശ്രീ.റ്റി.ബേബി ജേക്കബ് | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ശ്രീകുമാരൻ നായർ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.രവികുമാരൻതമ്പി. സി.എം | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. | 2-1 | |
| 13 | ഡി & ഒ ലൈസൻസില്ലാതെ റീട്ടെയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നു. | 2-2 | |
| 14 | പുറമ്പോക്ക് ഭൂമിയിൽ സ്വകാര്യ വ്യക്തിയുടെ ഹോളോബ്രിക്സ് കമ്പനി സ്ഥിതിചെയ്യുന്നു. | 2-3 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 16 | മീഡിയാശ്രീ പദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല | 3-1 | |
| 17 | പഠനവീട് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധം | 3-2 | |
| 18 | സ്പോർട്സ് ക്ലബിന് സ്പോർട്സ് കിറ്റ് നൽകൽ- 23530 രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യൽ- 49647 രൂപ തടസ്സപ്പെടുത്തുന്നു. | 3-4 | |
| 20 | മരുന്നുവാങ്ങൽ പദ്ധതി - പണം ചെലവഴിക്കുന്നുണ്ടെങ്കിലും മരുന്ന് ലഭിക്കുന്നില്ല – 62093 രൂപ തടസ്സത്തിൽ | 3-5 | |
| 21 | ആരോഗ്യമേഖലയിലെ പദ്ധതികൾ മോണിറ്റർ ചെയ്യപ്പെടുന്നില്ല. | 3-6 | |
| 22 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ - 200000/- രൂപ ചെലവഴിച്ചെങ്കിലും മരുന്നു ലഭിച്ചില്ല | 3-7 | |
| 23 | പകൽ വീടിന് ഫർണിച്ചർ വാങ്ങൽ-ടെന്റർ നടപടിക്രമം പാലിച്ചില്ല | 3-8 | |
| 24 | എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-9 | |
| 25 | പ്രവൃത്തിയിൽ നിന്നും ഈടാക്കേണ്ട നികുതി ഉൾപ്പെടെ കരാറുകാരന് അധികം തുക നല്കി - 11660 രൂപ തിരികെ ഈടാക്കണം. | 3-10 | |
| 26 | ആവശ്യത്തിൽ കൂടുതൽ ബിറ്റുമിൻ വാങ്ങുന്ന പ്രവണത ഒഴിവാക്കേണ്ടതാണ് | 3-11 | |
| | ഭാഗം 4 | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9. | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23/03/2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 18/07/2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 29/11/2016 | - |

സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി - 31506434.18
വരവ് - 57415765.00
ആകെ - 88922199.18
ചെലവ് - 75646874.00
നീക്കിബാക്കി - 13275325.18

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | റ്റി.സി.ചെയ്ത തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1679304 | 7920359 | 4592246 | 14191909 | *14191909 | 0 |
| വികസനഫണ്ട് എസ്.സി.പി. | 3060710 | 7383053 | - | 10443763 | 10443763 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93000 | - | 93000 | 93000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1993118 | 6993911 | - | 8987029 | 8987029 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 2139692 | 4615605 | - | 6755297 | 6755297 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3892413 | 7662093 | (-)3103611 | 8450895 | 8450895 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 5692228 | 1308737 | (-)1488635 | 5512330 | 5512330 | 0 |
| എം.എൻ.ആർ .ഇ. ജി.എസ് | 1047.5 | 25497337 | - | 25498384.5 | 25495952 | 2432.5 |
| ബി ഫണ്ട് | 0 | 35685938 | - | 35685938 | 35685938 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7289951 | 10866000 | - | 18155951 | 10203015 | 7952936 |

*ACR പ്രകാരം ആകെ ചെലവ് 13954039/- ആണ് . ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത 4592246 രൂപയിൽ 4354376 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 237870 ചെലവഴിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 107813191 | 215 | 7319504 | 13 | 36 | 81.44% |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷിക മേഖലയിലെ പദ്ധതികൾക്ക് തൻവർഷം കൂടുതൽ പ്രാധാന്യം നൽകിയിട്ടില്ല. പശ്ചാത്തല മേഖലയിലെ പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പിലാക്കേണ്ടതാണ്.

ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.4% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6326337 | 5082281 | (-)244056 | (-)19% |
| നികുതിയേതര വരവുകൾ | 1220125 | 926888 | (-)293237 | (-)24% |
| മറ്റുവരവുകൾ | 1453254 | 789440 | (-)663814 | (-)45.6% |
| ആകെ | 8999716 | 6798609 | (-)2201107 | (-)24.4% |

തനതു വരുമാനത്തിൽ ഗണ്യമായ കുറവ് വരുവാനുള്ള സാഹചര്യം വിലയിരുത്തേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1214760 | 669 |
| കർഷകതൊഴിലാളി പെൻഷൻ | 2186910 | 298 |
| വിധവാപെൻഷൻ | 11592920 | 1205 |
| വാർദ്ധക്യകാലപെൻഷൻ | 15581100 | 1215 |
| വികലാംഗപെൻഷൻ | 4037900 | 398 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 444240 | 48 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/11/2016ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56342/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നിർവഹിച്ച പദ്ധതി പ്രകാരം പവർ ടില്ലർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വകുപ്പ് തലത്തിൽ നിന്നും പ്രസ്തുത ഉപകരണങ്ങൾ ലഭ്യമായിരിക്കെ ഇത്തരം ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി തുക ചെലവഴിച്ചത് അനുചിതമായ നടപടിയാണ്. തെരുവു വിളക്കുകളെ സംബന്ധിക്കുന്ന രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. നിലവിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് മീറ്റേർഡ് ചാർജ്ജ് , അൺമീറ്റേർഡ് ചാർജ്ജ് എന്നീ ഇനങ്ങളിലായാണ് ബിൽ ലഭ്യമാക്കുന്നത്. കല്ലിയൂർ കെ.എസ്.ഇ.ബി സെക്ഷന്റെ പരിധിയിൽ വരുന്ന തെരുവു വിളക്കുകൾക്ക് മാത്രമാണ് മീറ്റർ സ്ഥാപിച്ചിട്ടുള്ളതെന്നും നേമം, വിഴിഞ്ഞം, തിരുവല്ലം എന്നീ സെക്ഷനുകളിൽ ഉൾപ്പെടുന്നവയ്ക്ക് മീറ്റർ വച്ചിട്ടില്ലെന്നുമാണ്. ഇു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്. പഞ്ചായത്തിന്റെ അധീനതയിൽ ഉൾപ്പെടുന്ന എല്ലാ തെരുവുവിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്. കേരളോത്സവത്തിന്റെ ചെലവ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നിജപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/11/2016 | 10/2016 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/09/14 മുതൽ 16/10/14 വരെ | 2009-10 മുതൽ 2013-14 വരെ | 20/11/2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14(1) പ്രകാരം പഞ്ചായത്തിലെ എല്ലാ സാഥാപനങ്ങളും വസ്തുനികുതി ഒടുക്കേണ്ടതാണ്. എന്നാൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള മൊബൈൽ ടവറുകളൊന്നും തന്നെ 2015-16സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഒടുക്കിയിട്ടില്ല. ഇു സംബന്ധിച്ച് 30-11-2016ൽ നൽകിയ 10/16നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് നൽകിയ മറുപടിയിൽ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 8 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ടവറുകൾക്ക് 2013-14മുതലുള്ള കെട്ടിട നികുതി ഒടുക്കുന്നതിന് ടെലികോം കമ്പനികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് അടിയന്തിരമായി മൊബൈൽ ടവ്വറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 ഡി.ആന്റ്.ഒ. ലൈസൻസില്ലാതെ റീട്ടെയിൻ റേഷൻ കടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പട്ടിക 1 ക്രമനമ്പർ 149പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ ഡി.ആന്റ്.ഒ.ലൈസൻസിന്റെ പരിധിയിൽ പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണ്. എന്നാൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന 24 റേഷൻ കടകളിൽ ഒന്നും തന്നെ 2015-16 സാമ്പത്തിക

വർഷത്തിൽ ഡി.ആന്റ്.ഒ. ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇതിനാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിലും കുറവ് വരുന്നു. ഇതു സംബന്ധിച്ച് 2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശമുള്ളതാണ്. ടി വിഷയത്തിൻമേൽ 29-11-2016 ലെ നം.03/16 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിന് റേഷൻ കടകളുടെ വിവരം ലഭിക്കുന്നതിനായി തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകിയതിന്റെ ഫലമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 24 റേഷൻ കടകൾ പ്രവർത്തിക്കുന്നതിന്റെ വിവരം ലഭിച്ചിട്ടുണ്ടെന്നും ലൈസൻസ് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ ലഭ്യമല്ല. ആയതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കുന്നതിനുമുള്ള സത്വര നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 പുറമ്പോക്ക് ഭൂമിയിൽ സ്വകാര്യ വ്യക്തിയുടെ ഹോളോബ്രിക്സ് കമ്പനി സ്ഥിതിചെയ്യുന്നു.

കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ആൻസി ഹോളോബ്രിക്സ് (നിർമ്മാണ വിപണനം) കമ്പനിയുടെ ഡി.ആന്റ്.ഒ.ലൈസൻസ് പുതുക്കുന്നതിന് 24-03-2015 ൽ ശ്രീമതി.ജെ.ശോഭ, എസ്.വി. ഭവനം, കല്ലിയൂർ അപേക്ഷിക്കുകയും "കായലിന്റെ തീരത്തുള്ള പുറമ്പോക്ക് ഭൂമിയിലാണ് സ്ഥാപനം സ്ഥിതി ചെയ്യുന്നതെന്നും, പരിശോധനയ്ക്ക് വിധേയമാക്കി വ്യക്തമായ റപ്പോർട്ട് ലഭ്യമാക്കുവാൻ "പ്രസിഡന്റ് അപേക്ഷയിൽതന്നെ കുറിപ്പെഴുതിയിട്ടുമുണ്ട്. ടി കെട്ടിടത്തിന് 30-03-2014 ൽ എ3/10/14-15 നമ്പരായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ വിയോജനക്കുറിപ്പ് നിലനിൽക്കെ KP XVIII/104 നമ്പർ കെട്ടിടത്തിലാണ് ടി ഹോളോബ്രിക്സ് കമ്പനി പ്രവർത്തിക്കുന്നതെന്നും സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നും ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്നും സെക്ഷൻ ക്ലാർക്ക് റിപ്പോർട്ട് നൽകുകയുണ്ടായി. ടി വിഷയം സംബന്ധിച്ച് 29-11-2016 ൽ 3/16 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടുണ്ട്. കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ XVIII/104നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോളോ ബ്രിക്സ് കമ്പനിക്ക് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ ലഭിച്ച സമയത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വ്യക്തിപരമായ കാരണങ്ങളാൽ കെട്ടിടം പുറമ്പോക്ക് ഭൂമി കയ്യേറി നിർമ്മിച്ചതാണെന്ന് വിയോജിപ്പ് രേഖപ്പെടുത്തിയെന്നും, ടി കെട്ടിടം 10 വർഷത്തിലേറെയായി നമ്പരുള്ളതും ലൈസൻസ് നൽകി വരുന്നതും 26-06-2015 ലെ VII(7)നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരവും രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുമാണ് ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഓഡിറ്റ് വേളയിൽ സെക്രട്ടറി ടി കെട്ടിടത്തിന്റെ ആധാരത്തിന്റെ പകർപ്പ്, കരം തീർത്ത രസീതിന്റെ പകർപ്പ് (2015-16) ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ടി വിഷയം ജി.ഒ (എം.എസ്) 351/2015 തീയതി. 02-12-2015 (അനധികൃത നിർമ്മാണം), സർക്കുലർ നം. 12900/ആർ.എ1/2015/ ത.സ്വ.ഭ.വ തീയതി. 02-12-2015 (കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കൽ) എന്നിവയുടെ ലംഘനമാണോയെന്ന് വിലയിരുത്തുന്നതിനും പ്രസ്തുത കെട്ടിടം പുറമ്പോക്ക് ഭൂമിയിലല്ല സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തത വരുത്തുന്നതിലേക്കുമായി ടി വിഷയത്തിൻമേൽ റവന്യൂ അധികാരികളെക്കൊണ്ട് വിശദമായ പരിശോധനയ്ക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ആയതിന്റെ കണ്ടെത്തലുകൾ ആഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മീഡിയാശ്രീ പദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല

കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, വർത്തമാനം, നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡോക്യുമെന്ററി ചിത്രം പുറത്തിറക്കുക എന്ന ലക്ഷ്യത്തിനായി ഓരോ പഞ്ചായത്തിനും 65000 (ടാക്സ് ഉൾപ്പെടാതെ) രൂപ ചെലവഴിക്കാം എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ മിഷന് 15/07/2015 ന് 73034/-രൂപ തനതുഫണ്ടിൽ നിന്നും നൽകി. സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തിനെയാണ് ഡോക്യുമെന്ററി തയ്യാറാക്കാനായി കുടുംബശ്രീ മിഷൻ ഏൽപ്പിച്ചത്. 14/09/2015 ന് കുടുംബശ്രീ മിഷൻ പഞ്ചായത്തുമായി ഏർപ്പെട്ട കരാറിൽ അറുപതു ദിവസത്തിനകം ഡോക്യുമെന്ററി തയ്യാറാക്കി നൽകുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നാളിതുവരെ ഡോക്യുമെന്ററി തയ്യാറാക്കി നൽകിയിട്ടില്ല. പുതിയ ഭരണസമിതി പഞ്ചായത്തിൽ ചുമതലയേറ്റതിനാൽ പ്രസ്തുത ഡോക്യുമെന്ററിയുടെ പ്രസക്തി തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. മീഡിയാശ്രീ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

## 3-2 പഠനവീട് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധം

പ്രോജക്ട് നം - 82/16 , വികസനഫണ്ട് (ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 5/15-16 | 20/01/2016 | 30000 |
| 15/15-16 | 28/03/16 | 20000 |

പഠനവീട് എന്ന പദ്ധതിക്കായി 50000/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്.)നമ്പർ 362/2013 ത.സ്വ.ഭ.വ തീയതി 16/11/2013 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6 പ്രകാരം കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്ന പരിപാടികൾ എസ്.എസ്.എ യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടില്ല. ടി ഉത്തരവിന്റെ അനുബന്ധം 16 ഖണ്ഡിക 7.2 പ്രകാരം വികസന ഫണ്ടിൽ നിന്നും ശമ്പളം, ഓണറേറിയം എന്നിവ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രോജക്ടിന്റെ ഭാഗമായി പരമാവധി ആറു മാസത്തേക്ക് ഓണറേറിയം അനുവദിക്കാവുന്നതാണ്. എന്നാൽ ഓണറേറിയം ഇനത്തിൽ പത്ത് മാസത്തേക്ക് (10X3000 = 30000) മുപ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ റിപ്പോർട്ടിലും പ്രസ്തുത വിവരം പരാമർശിച്ചിട്ടുള്ളതാണ്. അനുവദനീയമല്ലാത്ത പ്രവൃത്തിക്ക് തുക നൽകിയത് ശരിയായ നടപടിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 സ്പോർട്സ് ക്ലബിന് സ്പോർട്സ് കിറ്റ് നൽകൽ- 23,530/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 232/16

ഫണ്ടിനം - മെയിന്റനൻസ് (നോൺ റോഡ് )

ബിൽ നമ്പർ - 6/15-16 ; 20/01/2016

ചെലവു തുക - 50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ MNLPS

മേൽ പദ്ധതിക്കായി 50000/-രൂപ ചെലവഴിച്ച് സ്പോർട്സ് കിറ്റ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | വാങ്ങിയ എണ്ണം | വിതരണം ചെയ്തവ | വിതരണം ചെയ്യാത്തവയുടെ ചെലവു തുക (രൂപ) |
|---|---|---|---|
| C/board set | 11 @ 730 =8030 | 6 | 2920 |
| Chess set Rollen | 11 @275 =3025 | 6 | 1375 |
| Foot ball .star | 9 @495 = 4455 | 5 | 1980 |

| | | | |
|---|---|---|---|
| impact | | | |
| Volley ball | 10 @575= 5750 | 6 | 2300 |
| Volley ball net | 10 @225 = 2250 | 6 | 900 |
| Cricket bat full size | 20 @ 495 =9900 | 10 | 4950 |
| Stump with bails | 10 set @420 =4200 | 6 | 1680 |
| Tennis ball | 10 @75 =750 | 5 | 375 |
| Shuttle bat | 44 @275 =12100 | 24 | 5500 |
| Shuttle cock | 11@150 =1650 | 6 | 750 |
| Shuttle net | 11@ 160=1760 | 6 | 800 |
| ആകെ | | | 23530/- |

ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പ്രകാരം ആറു സ്പോർട്സ് ക്ലബ്ബുകൾക്കാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്. ബിൽ പ്രകാരം ഡിസ്കൗണ്ട് കുറച്ചതിനുശേഷം വാറ്റ് ഉൾപ്പെടെ 50000/- രൂപ കേരള സ്പോർട്സ്, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. വിതരണം ചെയ്യാത്ത ഇനങ്ങൾ സ്റ്റോക്കിലെടുത്ത് സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ സാധനങ്ങൾ വിതരണം ചെയ്യാത്ത സാഹചര്യത്തിൽ ഇതിനായി ചെലവു ചെയ്ത തുകയായ 23530/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യൽ- 49647/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - 86/16
നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ
വികസനഫണ്ട്.(എസ്.സി.പി)

| ബിൽ നമ്പർ | തീയതി | തുക |
|---|---|---|
| 8/15-16 | 11/03/2016 | 155147 |
| 14/15-16 | 23/03/16 | 155147 |

100 എസ്.സി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി മേശ, കസേര എന്നിവ ശബരി സ്റ്റീൽ ഫർണിച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 310294/-രൂപയ്ക്ക് ടെന്റർ മുഖേന വാങ്ങിയിട്ടുണ്ട്. ടാക്സ് ഉൾപ്പെടാതെ കസേര ഒന്നിന് 832/-രൂപ നിരക്കിലും മേശ ഒന്നിന് 1878/-രൂപ നിരക്കിലുമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ 84 വിദ്യാർത്ഥികൾക്ക് മാത്രമാണ് ഇവ വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 16 മേശയും കസേരയും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടി ഫർണിച്ചറുകൾ സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്തിട്ടില്ലാത്തതിനാൽ മേശ, കസേര എന്നിവയുടെ വിലയായ 49647/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്ന് വാങ്ങൽ പദ്ധതി -പണം ചെലവഴിക്കുന്നുണ്ടെങ്കിലും മരുന്ന് ലഭിക്കുന്നില്ല - 62093/-രൂപ തടസ്സത്തിൽ

പ്രോജക്ട് നം. - 12/16
പ്രോജക്ട് പേര് - പി. എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ - 118400/- (വിക.ഫണ്ട് - 37500 + മെയി.ഫണ്ട്.80400/-)
ചെലവ് - 108304/-

ബിൽ നം. - 01/15-16, തിയതി. 16-10-2015 27904/-
02/15-16, തിയതി. 19-10-2015 80400./-

കല്ലിയൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിലേക്കായി തയ്യാറാക്കിയ മേൽ പദ്ധതി പ്രകാരം 2015-16 സാമ്പത്തിക വർഷം 108304/-രൂപ ചെലവഴിച്ചു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ 13-01-2016 ലെ ഇൻവോയ്സ് നം. PRF 1696 പ്രാകമുള്ള 33 ഇനം മരുന്നുകളുടെ വിലയായാണ് മേൽ തുക (28-10-2015ലെ ഡി.ഡി.നം. 822093 പ്രകാരം 27,904/-രൂപയും, ഡി.ഡി.822094 പ്രകാരം 80,400/-രൂപയും) മുൻകൂറായി കോർപ്പറേഷന് കൈമാറിയത്. 19-12-2015 ലെ രസീത് നം. 25113/- പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട മരുന്നുകൾ മുഴുവനും ലഭിച്ചിട്ടില്ല. 19-10-2016 ൽ 46211/-രൂപയുള്ള മരുന്ന് മാത്രം ലഭിച്ചിട്ടുണ്ട്. 30-11-2016 വരെയുള്ള കാലയളവിൽ 62093/- രൂപയുള്ള മരുന്നുകൾ ഇനിയും കിട്ടാനുണ്ട്. പദ്ധതിപ്പണം ചെലവഴിക്കുന്നതിലല്ലാതെ ഗ്രാമീണരുടെ ആരോഗ്യപരിപാലനത്തിനാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ താൽപ്പര്യമെടുത്തിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റ് എൻക്വയറി (നം.13/2016, തിയതി. 30-11-2016)ക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇനിയും ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 62093/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം നീക്കാവുന്നതാണ്.

## 3-6 ടോയ്‌ലറ്റ് വെന്റ് പൈപ്പിൽ വല കെട്ടൽ - ആരോഗ്യ മേഖലയിലെ പദ്ധതി മോണിറ്റർ ചെയ്യപ്പെട്ടില്ല.

പ്രാജക്ട് നം. - 283/15-16
അടങ്കൽ - 1,00,000/- (വികസന ഫണ്ട്)
ബിൽ നം. - (1) 7/15-16, തിയതി. 23-03-2016, 50000/-
(2) 8/15-16, 47020/-
ആകെ ചെലവ് - 97020/-

പകർച്ചവ്യാധികൾ പടരുന്നത് തടയുന്നതിനായുള്ള കൊതുക് നിയന്ത്രണത്തിന്റെ ഭാഗമായി കല്ലിയൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടോയ്‌ലറ്റ് വെന്റ് പൈപ്പിൽ വല കെട്ടുന്നതിനായി 2015-16ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും 97020/-രൂപ ചെലവഴിച്ചു. ഒരു മീറ്ററിന് 23.10രൂപ നിരക്കിൽ 4000 മീറ്റർ മോണോ ഫാബ്രിക് മസ്ക്വിറ്റോ നെറ്റിന്റെ വിലയായാണ് സിഡ്ക്കോയ്ക്ക് മേൽതുക കൈമാറിയത്. (ഡി.ഡി.നം. 824968/31-03-16 പ്രകാരം 50000/-രൂപയും, ഡി.ഡി.നം.824969/31-03-2016 പ്രകാരം 47020/-രൂപയും). 15-04-2016 ൽ സിഡ്കോ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും നെറ്റ് കൈപ്പറ്റിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വല വാങ്ങൽ, സമയബന്ധിയമായ പൂർത്തീകരണം എന്നിവ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതാണെന്ന് പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം മോണിറ്റർ ചെയ്തിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥനായ പി.എച്ച്.സി.മെഡിക്കൽ ഓഫീസറുടെ പദ്ധതി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2016, തിയതി. 30-11-2016) മറുപടി നൽകിയിട്ടില്ല.

## 3-7 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 200000/-രൂപ ചെലവഴിച്ചെങ്കിലും മരുന്ന് ലഭിച്ചില്ല.

പ്രോജക്ട് നം. - 11/15-2016
അടങ്കൽ - 2,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ് - 2,00,000/-
ബിൽ നം. - 04-15-16, തിയതി. 24-11-2015.

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2015-16 ൽ രൂപീകരിച്ച പദ്ധതിപ്രകാരം 2 ലക്ഷം രൂപ ചെലവഴിച്ചു. കേരള സംസ്ഥാന ഹോമിയോപ്പതിക് കോ - ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും 23-06-2015 ൽ ലഭിച്ച ഇൻവോയ്സ് (നം. പി.എഫ്.- 79) പ്രകാരമുള്ള 26 ഇനം മരുന്നുകളുടെ വിലയായി 200000/- രൂപ (ഡി.ഡി.നം. 822582/26-11-2015) ഹോംകോ മാനേജിംഗ് ഡയറക്ടറുടെ പേരിൽ വിഴിഞ്ഞം എസ്.ബി.റ്റി

യിൽ നിന്നുള്ള ഡി.ഡി.യാക്കി നൽകി. 2015-16 ലെ പ്രോജക്റ്റ് പ്രകാരമുള്ള 2 ലക്ഷം രൂപയുടെ മരുന്നുകൾ 21-11-2016 തീയതി വരെയും ലഭിച്ചിട്ടില്ലായെന്നും ആശുപത്രിയുടെ പ്രവർത്തനം താറുമാറായിരിക്കുന്നുവെന്നും കല്ലിയൂർ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ ഹോംകോ മാനേജിംഗ് ഡയറക്ടർക്കുള്ള 21-11-2016 ലെ 3/NHM HD KLYR/16 നമ്പർ കത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ഓഡിറ്റ് എൻക്വയറി (നം. 13/2016 തീയതി 30.11.2016) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥയായ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ പദ്ധതി മോണിറ്റർ ചെയ്യുകയോ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. 2015-16 ലെ അഡ്വാൻസ് തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാത്ത സ്ഥാപനത്തിനോട് 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളുടെ ഇൻവോയ്സ് ആവശ്യപ്പെട്ട് വീണ്ടും ഹോമിയോ മെഡിക്കൽ ഓഫീസർ മേൽ സൂചിത കത്ത് നൽകിയിരിക്കുന്നത് തന്നെ നീതീകരിക്കാവുന്നതല്ല. മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയ്ക്ക് അനുസൃതമായ മരുന്ന്, പണം ചെലവഴിച്ച് ഒരു വർഷത്തിനിപ്പുറവും ലഭിച്ചിട്ടില്ലാത്തതിനാലും ഡിസ്പെൻസറിയുടെ പ്രവർത്തനം താറുമാറായതായി ഹോമിയോ മെഡിക്കൽ ഓഫീസർ തന്നെ മരുന്ന് കമ്പനിയെ അറിയിച്ചിട്ടുള്ളതും കണക്കിലെടുത്ത് 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫലപ്രദമായ നടപടികളിലൂടെ മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-8 പകൽ വീടിന് ഫർണിച്ചർ വാങ്ങൽ - നെഗോസിയേഷൻ പരിഗണിച്ചില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പകൽ വീടിന് ഫർണിച്ചർ വാങ്ങുന്നതിനായി 1,00,000/-രൂപ (മെയിന്റനൻസ്-ഗ്രാന്റ് റോഡിതരം) വകയിരുത്തി 217/16 നമ്പരായി പദ്ധതി രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഫർണിച്ചർ വാങ്ങുവാൻ 21-08-2015 ന് മലയാള മനോരമ ദിനപത്രത്തിൽ പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തു. 10 തരം ഫർണിച്ചറുകളാണ് ടി ടെണ്ടർ പ്രകാരം വാങ്ങാൻ ഉദ്ദേശിച്ചിരുന്നത്. തുടർന്ന് 23-09-2015 ലെ I(i) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ഓരോ ഇനത്തിലും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത 4 സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ തീരുമാനിക്കുകയാണുണ്ടായത്. ഇതനുസരിച്ച് ആകെ 70015/-രൂപയുടെ ഫർണിച്ചർ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ നടപടിയുടെ ഭാഗമായി ധനനഷ്ടമുണ്ടായില്ലായെങ്കിലും ടെണ്ടർ നടപടിക്രമങ്ങളുടെ ലംഘനമാണ് ഇത്. ഓരോ ഇനവും വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് പകരം ഏറ്റവും കൂടുതൽ ഇനങ്ങൾക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനവുമായി നെഗോസിയേഷൻ നടത്തി ബാക്കി ഇനങ്ങളുടെ വില കുറയ്ക്കാൻ ശ്രമിക്കുകയാണ് വേണ്ടിയിരുന്നത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. മുഖാന്തിരം നടപ്പിലാക്കിയ S0226/16 “കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രത്യേക ഭവന നിർമ്മാണ പദ്ധതി" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് 1,51,20,000/-രൂപ ബാങ്ക് വായ്പയെടുത്തതിൽ 1,27,40,000/-രൂപയാണ് 2015-16 വർഷം ചെലവ് കാണിച്ചിരിക്കുന്നത്. (ഓഡിറ്റിന് ഹാജരാക്കിയ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അനുസരിച്ച്). എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് അനുസരിച്ച് 1,30,80,000/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/2016) മറുപടി നൽകിയിട്ടില്ല.

എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റും കല്ലിയൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 പ്രവൃത്തിയിൽ നിന്നും ഈടാക്കേണ്ട നികുതി ഉൾപ്പെടെ കരാറുകാരന് അധികം തുക നല്കി - 11660/- രൂപ തിരികെ ഈടാക്കണം.

പ്രോജക്റ്റ് നം. : 108/16

പ്രോജക്റ്റ് : സാൽവേഷൽ ആർമി ചതിയൻ വിള റോഡ് മെറ്റലിംഗ്

അടങ്കൽ : 300000 (വികസന ഫണ്ട് - എസ്.സി.പി)
ചെലവ് : 80498 (bill no. 48/15-16 dt.16.10.15)
219394(bill no. 78/15-16 dt.15.11.15)

ആകെ :299892/-

കൺവീനർ : കൃഷ്ണൻകുട്ടി.കെ., തെറ്റിവിള തെക്കരികത്ത് വീട്, കല്ലിയൂർ
M.B. No. : 920/14-15,66/15-16
T.S.No. : 440/AEE/LSGD/NBP/15-16 dt 05.06.15

മേൽ പ്രോജക്ട് പരിശോധിച്ചതിൽ എം.ബുക്ക് പ്രകാരം യഥാർത്ഥത്തിൽ പ്രവൃത്തിയ്ക്കായി ചെലവഴിച്ചത് 282917 (ടാക്സ് ഉൾപ്പെടുത്താതെ) രൂപയാണ്. ആയതിൽ ടാക്സിനത്തിൽ ഉൾക്കൊള്ളിക്കേണ്ട തുക ചുവടെ ചേർക്കുന്നു.

പ്രവൃത്തി ചെയ്തത് - 282917
IT @1% - 2829
KSCWWF@1% - 2829
VAT @4% - 11317
ആകെ - 16975
ആകെ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക – 2,99,892/-

എന്നാൽ ചുവടെ ചേർത്ത വിധമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| തുക സ്വീകരിച്ചത് | നല്കേണ്ടത് | നല്കിയത് | അധികം നല്കിയത് | ഈടാക്കി അടവാക്കാനുള്ളത് |
|---|---|---|---|---|
| കൺവീനർ | 282917 | *294577 | 11660 | - |
| IT | 2829 | 759 (16.10.15ൽ bank acct.ൽ അടവാക്കി) | - | 2070 |
| KSCWWF | 2829 | 759(vide DD 822092/28.10.15) | - | 2070 |
| VAT | 11317 | 3797(vide ch.195/16.10.15) | - | 7520 |
| ആകെ | | | 11660 | 11660 |

*75183 രൂപ (vide DD 822091/28.10.15) + 219394 രൂപ (vide DD 822445/16.11.15) = 294577

കൺവീനർക്ക് അധികം നല്കിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് കൺവീനറിൽ നിന്നും ഈടാക്കി അതാത് ഫണ്ടുകളിൽ അടവ് വരുത്തേണ്ടതാണ്. [ടി തുക കൺവീനറിൽ നിന്നും ഈടാക്കുന്നതാണെന്ന് മേൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.09/16)ക്ക് എ.ഇ. മറുപടി നല്കിയിട്ടുണ്ട് ].

## 3-11 ആവശ്യത്തിൽ കൂടുതൽ ബിറ്റുമിൻ വാങ്ങുന്ന - പ്രവണത ഒഴിവാക്കേണ്ടതാണ്.

തൻ വർഷം ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ റോഡ് ടാറിംഗ്, റോഡ് റീടാറിംഗ് എന്നീ പ്രവൃത്തികൾക്കായി കൺവീനർമാർ ബിറ്റുമിൻ സിഡ്കോയിൽ നിന്നും വാങ്ങിയതിന്റെ ഇൻവോയ്സ്/രസീതുകൾ ഓരോ പ്രവൃത്തിയുടെയും ചെലവ് രേഖകളോടോപ്പം ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ഓരോ പ്രവൃത്തിയ്ക്കും ആവശ്യമായതിൽ കൂടുതൽ ബിറ്റുമിൻ വാങ്ങിയതായി കണ്ടെത്തി.

വിശദവിവരം ചുവടെ ചേർക്കുന്നു. ഒരു ബാരൽ = 161.8 കി.ഗ്രാം

| പ്രോജക്ട് നം./പ്രവൃത്തിയുടെ പേര്/എം.ബുക്ക് നം. | ആവശ്യമായ ബിറ്റുമിൻ | വാങ്ങിയത് | അധികം വാങ്ങിയത് |
|---|---|---|---|
| 151/15,199/16/തെന്നൂർ-വയലരികം റോഡ്/665/2014-15 | (16.27) Surface mixing for 60m$^2$ = 117 kg<br>(16.30.2) tack coat for 570m$^2$ = 285 kg<br>(16.32.1)2cm premix carpet surfacing for 720 m$^2$ = 1036 kg<br>(16.41)seal coat for 720m$^2$ = 705.6 kg<br>TOTAL = 2144.4 kg | 2750.16 kg<br>Rs.6496.43/barrel | 605.76kg |
| 254/15/മന്നം മെമ്മോറിയൽ ചിറക്കുളം റോഡ്റീ ടാറിംഗ്/739/2014-15 | (16.30.2) tack coat for 852m$^2$ = 426 kg<br>(16.32.1)2cm premix carpet surfacing for 852 m$^2$ = 1226.88kg<br>(16.41)seal coat for 852m$^2$ = 834.96 kg<br>TOTAL = 2487.84 kg | 2912.4 kg (2427kg+ 485.4kg) (Rs6438.32/barrel, Rs 6595.20/ barrel) | 424.56kg |
| 202/16/ശിശുമന്ദിരം റോഡ് റീ ടാറിംഗ് /663/2014-15 | (16.30.2) tack coat for 870m$^2$ = 435 kg<br>(16.32.1)2cm premix carpet surfacing for 870 m$^2$ = 1252.8 kg<br>(16.41)seal coat for | 2912.4kg<br>(Rs6496.43/barrel) | 372kg |

| | | | |
|---|---|---|---|
| | 870m$^2$<br>= 852.6 kg<br>TOTAL = 2540.4 kg | | |
| 24/16/പുന്നമൂട്-AKGറോഡ് റീ ടാറിംഗ്/905 /2014-15 | (16.30.2) tack coat for 750m$^2$<br>= 375 kg<br>(16.32.1)2cm premix carpet<br>surfacing for 750 m$^2$<br>= 1080 kg<br>(16.41)seal coat for 750m$^2$<br>= 735 kg<br>TOTAL = 2190 kg | 2588.8kg (Rs4778.5/ barrel) | 398.8kg |
| 56/16/ചെങ്കോട്-കീഴ്പ്പാട് റോഡ് റീടാറിംഗും,ഓട പുനരുദ്ധാരണവും 98/2015-16 | (16.30.2) tack coat for 645m$^2$<br>= 322.5 kg<br>(16.32.1)2cm premix carpet<br>surfacing for 722 m$^2$<br>= 1040.1 kg<br>(16.41)seal coat for 645m$^2$<br>= 632.1 kg<br>TOTAL = 1944.7 kg | 2427kg (Rs6769.5/ barrel) | 482.3kg |
| 127/16/കുന്നുംപുറം പമ്പ് ഹൗസ് റോഡ് റീടാറിംഗ്/255/2015-16 | (16.30.2) tack coat for 450m$^2$<br>= 225 kg<br>(16.32.1)2cm premix carpet<br>surfacing for 450 m$^2$<br>= 360 kg<br>(16.41)seal coat for 450m$^2$<br>= 441 kg | 1618kg (Rs5659.75/barrel) | 592kg |

| | | | |
|---|---|---|---|
| | TOTAL = 1026 kg | | |

ഭാവിയിൽ മേൽ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പ്രവൃത്തിയ്ക്ക് ആവശ്യമായ ബിറ്റുമിൻ വാങ്ങാൻ ശ്രദ്ധിക്കേണ്ടതും, അനാവശ്യ ചെലവ് ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട് | | | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ലഭ്യമായ വായ്പ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പ്രത്യേക ഭവനപദ്ധതി | 4495/DB1 /14/ത.സ്വ.ഭ.വ, 20/02/15 | 16800000 | 16800000 | 1680000 | 532539 | 15120000 |

കുറിപ്പ് - വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പ്രത്യേക ഭവനപദ്ധതി വായ്പ തുകയിൽ 1,51,20,000/- രൂപയാണ് ബാങ്കിൽ നിന്നും വായ്പയിനത്തിൽ മൂന്ന ഗഡുക്കളായി കൈപ്പറ്റിയിട്ടുള്ളത്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 207/2009/ ത.സ്വ.ഭ.വ. 07/11/2009 | 21396000 | 3424500 | 2139600 | 0 | 1284900 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | |

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബാധകമല്ല

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88922199.18 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75646874.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11660/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 335270/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | - | 11660.00 | അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 23530/- | ഹെഡ് മാസ്റ്റർ |
| 3-4 | 49647/- | ഹെഡ് മാസ്റ്റർ |
| 3-5 | 62093/- | മെഡിക്കൽ ഓഫീസർ,പി.എച്ച് .സി |
| 3-7 | 200000/- | മെഡിക്കൽ ഓഫീസർ,പി.എച്ച് .സി |
| ആകെ | 335270/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രവികുമാരൻ തമ്പി.സി.എം(എ.ഇ) | | ഉത്രാടം റ്റി.സി.21/1604(1) നെടുങ്കാട്,കരമന പി.ഒ,തിരുവനന്തപുരം |
| റ്റി.ബേബിജോൺ, | | TC 24/534,തൈക്കാട്. പി.ഒ., |

| | | |
|---|---|---|
| എച്ച്.എം | | തിരുവനന്തപുരം-14 |
| ഡോ. സുമിത എം.കെ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | അനുഗ്രഹ ദ ബ്ലസ്ഡ്TC9/1164-4 ചേന്തി, പോങ്ങുംമൂട്, മെഡിക്കൽ കോളേജ്. പി.ഒ. |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-00 | LFTDGP4/879/02 dated 21.06.2014 | 1 | |
| 2000-01 | LFTDGP4/18/03 dated 21.06.2014 | 15 | |
| 2001-02 | LFTDGP4/1253/03 dated 21.06.2014 | 10 | |
| 2002-03 | LFTDGP4/915/05 dated 21.06.2014 | 12 | |
| 2003-04 | LFTDGP4/264/07 dated 21.06.2014 | 9 | |
| 2004-05 | LFTDGP4/1865/ dated 21.06.2014 | 20 | |
| 2005-06 | LFTDGP4/817A/09 dated 28.10.2011 | 14 | |
| 2006-07 | LFTDGP4/818/09 dated 18.03.2011 | 19 | |
| 2007-08 | LFTDGP4/916/10 dated 12.04.2011 | 17 | |

| | | | |
|---|---|---|---|
| 2008-09 | LFTDGP4/385/14 dated 03.09.2014 | 8 | |
| 2009-10 | LFTDGP4/84/15 dated 09.07.2015 | 10 | |
| 2010-11 | LFTDGP4/84/15 dated 09.07.2015 | 10 | |
| 2011-12 | LFTDGP4/1848/15 dated 19.10.2015 | 14 | |
| 2012-13 | LFTDGP4/1334/15 dated 03.06.2015 | 14 | |
| 2013-14 | KSA.Tvm/GP4/1346/15 dated 15.10.2015 | | |
| 2014-15 | KSA.Tvm/GP4/1081/16 dated 14.06.2016, 29.06.2016 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതും ചുവടെ ചേർത്തിട്ടുള്ള ന്യൂനതകളുമൊഴികെ വാർഷിക ധനകാര്യ പത്രിക കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ 12-ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകളുടെ സംഗ്രഹം

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് വാർഷികധനകാര്യ പത്രികയിൽ ൾപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്ക് & സ്റ്റോഴ്സ് മൂല്യധിഷ്ഠിതമായി തയ്യാറാക്കി വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നം./ഡി.ഡി. നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB കല്ലിയൂർ | 186/16 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 110554 | 110554 | ഇല്ല |
| KSEB നേമം | ,, | | 24415 | 24415 | ഇല്ല |
| KSEB വിഴിഞ്ഞം | 259/16 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | DDNo.025687/15.07.2015 | 17356 | | |
| KSEB കല്ലിയൂർ | ,, | DDNo.025686/15.07.2015 | 26425 | 26425 | ഇല്ല |
| KSEB നേമം | ,, | DDNo.025977/06.08.2015 | 21249 | 21249 | ഇല്ല |
| KSEB പവർഹൗസ് | ,, | DDNo.025975/06.08.2015 + 024206/31.08.2015 | 12451 | 12451 | ഇല്ല |
| KSEB പവർഹൗസ് | ,, | DDNo.024205/31.08.2015 | 17195 | 17195 | ഇല്ല |
| KSEB കല്ലിയൂർ | ,, | Che.No.242296/25.09.2015 | 8031 | | |
| KSEB നേമം | ,, | DDNo.431558/4.12.2015 | 18308 | 18308 | ഇല്ല |
| KSEB വിഴിഞ്ഞം | ,, | DDNo.431557/4.12.2015 | 8132 | | |
| KSEB കല്ലിയൂർ | ,, | Che.No.302160/14.12.2015 | 4351 | 4351 | ഇല്ല |
| KSEB കല്ലിയൂർ | ,, | DDNo.431676/07.01.2016 | 12280 | 12280 | ഇല്ല |
| KSEB കല്ലിയൂർ | ,, | DDNo.824522/17.03.2016 | 15598 | 15598 | ഇല്ല |
| KSEB നേമം | ,, | Che.No.302182/8.3.2016 | 6310 | 6310 | ഇല്ല |
| KSEB കല്ലിയൂർ | 172/16 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | DDNo.024131/24.08.2015 | 72260 | 72260 | ഇല്ല |
| KSEB പവർഹൗസ് | 172/16 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | DDNo.24130/24.08.2015 | 98472 | | |
| PWD Electrical Division | 169/16 നേമം UPS വൈദ്യുതീകരണം | DDNo.25940/05.08.2015 | 83000 | പ്രവൃത്തി നടത്തിയിട്ടുണ്ട് | |

| | | | | | |
|---|---|---|---|---|---|
| KSEB തിരുവല്ലം | 246/16-72-ാം നമ്പർ അംഗൻവാടിക്ക് സർവ്വീസ് കണക്ഷൻ | DDNo.024185/26.08.2015 | 37260 | 37260 പ്രവൃത്തി നടത്തിയിട്ടുണ്ട് | ഇല്ല |
| KWA നെയ്യാറ്റിൻകര | 98/16 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | DDNo.024129/24.08.2015 | 200000 | 86134 | |
| KSEB പവർഹൗസ് | 79/16 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | DDNo.025976/06.08.2015 | 24800 | | |
| ,, | ,, | DD No.024002/12.8.2015 | 25728 | | |
| KSEB കല്ലിയൂർ | ,, | DDNo.024001/12.08.2015 | 32704 | | |
| KSEB നേമം | ,, | DDNo.431719/04.02.2016 | 21165 | 21165 | ഇല്ല |
| KSEB കല്ലിയൂർ | ,, | DDNo.824519/17.03.2016 | 34860 | 34860 | ഇല്ല |
| KSEB കല്ലിയൂർ | ,, | DDNo.824520/17.03.2016 | 31732 | 31732 | ഇല്ല |
| KSEB കല്ലിയൂർ | ,, | DDNo.824521/17.03.2016 | 26445 | 26445 | ഇല്ല |
| KSEB നേമം | ,, | DDNo.824523/17.03.2016 | 24980 | - | 24980 പ്രവൃത്തി പൂർത്തിയായിട്ടില്ല |
| KSEB പവർഹൗസ് | ,, | DDNo.824524/17.03.2016 | 29250 | - | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്